കൊച്ചി

10 നവംബർ 2014
തിങ്കൾ
bpchn@mm.co.in

ബിസിനസ് മനോരമ
ESTABLISHED 1888




# മൂലധനം ജനകീയം

## സംരംഭകർക്കു ക്രൗഡ് ഫണ്ടിങ് തുണ

**വാസുദേവ ഭട്ടതിരി**

**കൊച്ചി ●** ബാങ്കുകളെയോ ധനസ്ഥാപനങ്ങളെയോ ആശ്രയിക്കാതെ ബിസിനസ് സംരംഭങ്ങൾക്കു മൂലധനം. വെബ് അധിഷ്ഠിത പ്ലാറ്റ്ഫോമിലൂടെയോ ഫെയ്സ്ബുക്ക്, ട്വിറ്റർ, ലിങ്ക്ഡ്ഇൻ തുടങ്ങിയ സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളിലൂടെയോ നിക്ഷേപകരെ ആകർഷിച്ച് അവരിൽനിന്നു സമാഹരിക്കുന്ന മൂലധനത്തിന്മേൽ ബിസിനസ് സ്വപ്നം സാക്ഷാത്കരിക്കാം. ക്രൗഡ് ഫണ്ടിങ് എന്ന ഈ മൂലധന സമാഹരണ മാർഗത്തിലാണ് ഇപ്പോൾ സ്റ്റാർട് അപ് ഉൾപ്പെടെയുള്ള ചെറുകിട, ഇടത്തരം ബിസിനസ് സംരംഭങ്ങൾക്കു പ്രതീക്ഷ.

സ്റ്റാർട്അപ് സംരംഭങ്ങൾക്കും ചെറുകിട, ഇടത്തരം സംരംഭങ്ങൾ(എംഎസ്എംഇ)ക്കും മൂലധന സമാഹരണമാണ് ഏറ്റവും വലിയ വെല്ലുവിളി. വിജയ സാധ്യത ബോധ്യപ്പെടുത്താനായാലും വായ്പത്തുകയുടെ പരിമിതിയും ഈട് ഉൾപ്പെടെയുള്ള ഉപാധികളും സംരംഭകരെ മടുപ്പിക്കുന്നതായിരിക്കും. ക്രൗഡ് ഫണ്ടിങ് എന്ന ആശയത്തിനു പ്രസക്തിയും പ്രചാരവും വർധിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

കേരളത്തിൽനിന്നുള്ള മൂന്നു സംരംഭങ്ങളെങ്കിലും ഈ മാർഗത്തിലൂടെ മൂലധനം കണ്ടെത്തിക്കഴിഞ്ഞു. കൊച്ചി സ്റ്റാർട് അപ് വില്ലേജിലെ സെക്ടർക്യൂബ് ടെക്നോളജീസ് 48,000 ഡോളർ (29 ലക്ഷം രൂപ) സമാഹരിച്ചതു കിക്സ്റ്റാർട്ടർ എന്ന ക്രൗഡ് ഫണ്ടിങ് പ്ലാറ്റ്ഫോമിലൂടെയാണ്. ആറു യുവാക്കളുടെ സംരംഭമായ സെക്ടർക്യൂബ് ഡിസംബർ മൂന്നു വരെയാണു ഫണ്ട് സ്വീകരിക്കുന്നത് എന്നതിനാൽ ആകെ സമാഹരണം 2,00,000 ഡോളർ (1.20 കോടി രൂപ) വരെ എത്തിയേക്കുമെന്നു പ്രതീക്ഷിക്കുന്നു. മൈക്രോവേവ് ആൻഡ്രോയ്ഡ് ഇന്റഗ്രേറ്റഡ് ഡിവൈസ് (മെയ്ഡ്) എന്ന ഉൽപന്ന നിർമാണം ലക്ഷ്യമിട്ടുള്ള സംരംഭമാണിത്. വീട്ടമ്മയുടെയും പാചകക്കാരുടെയും ഡയറ്റീഷന്റെയുമൊക്കെ ജോലികൾ നിറവേറ്റുന്ന സ്മാർട്ട് കിച്ചൻ അസിസ്റ്റന്റായ മെയ്ഡ് അടുക്കളയിലെ അത്ഭുതമായിരിക്കുമെന്നാണു സംരംഭകരുടെ വാഗ്ദാനം.

കൊച്ചി സ്റ്റാർട് അപ് വില്ലേജിലെതന്നെ മൈൻഡ്ഹെലിക്സ് ടെക്നോളജീസ് കഴിഞ്ഞ മാസം ക്രൗഡ് ഫണ്ടിങ്ങിലൂടെ നേടിയത് 1,20,000 ഡോളർ (72 ലക്ഷം രൂപ). കിക്സ്റ്റാർട്ടർ എന്ന ക്രൗഡ് ഫണ്ടിങ് പ്ലാറ്റ്ഫോമിലൂടെയായിരുന്നു മൈൻഡ്ഹെലിക്സിന്റെ മൂലധന സമാഹരണവും. സ്റ്റാർട്അപ് വില്ലേജിലെ ആർഎച്ച്എൽ വിഷൻ ടെക്നോളജീസ് ഈ വർഷം ആദ്യം 2,00,000 ഡോളർ (1.20 കോടി രൂപ) സമാഹരിച്ചിരുന്നു. ഇൻഡീഗോഗോ എന്ന ക്രൗഡ് ഫണ്ടിങ് പ്ലാറ്റ്ഫോമിലൂടെയായിരുന്നു സമാഹരണം.

കിക്സ്റ്റാർട്ടർ, ഇൻഡീഗോഗോ എന്നിവയ്ക്കു പുറമെ റോക്കറ്റ്ഹബ്, റസൂ തുടങ്ങി ക്രൗഡ് ഫണ്ടിങ് പ്ലാറ്റ്ഫോമുകൾ വിദേശത്തു പലതുണ്ട്. ഇന്ത്യൻ പ്ലാറ്റ്ഫോമുകളിൽ വിഷ്ബെറി, ഇഗ്നൈറ്റ് ഇന്റന്റ്, കെറ്റോ എന്നിവയാണു മുൻനിരയിൽ.

ഓഹരി പങ്കാളിത്തം അധിഷ്ഠിതമായുള്ള ക്രൗഡ് ഫണ്ടിങ് ഇന്ത്യയിൽ അനുവദിച്ചിട്ടില്ല. അതു സാധ്യമായെങ്കിൽ മാത്രമേ ക്രൗഡ് ഫണ്ടിങ് എന്ന ആശയം പൂർണമായ തോതിൽ പ്രാവർത്തികമാകുകയുള്ളൂ. നിലവിലുള്ള ഇന്ത്യൻ പ്ലാറ്റ്ഫോമുകൾ ഓഹരി പങ്കാളിത്തം അധിഷ്ഠിതമായുള്ളവയല്ല.

ഓഹരി അധിഷ്ഠിത ക്രൗഡ് ഫണ്ടിങ് സാധ്യമാകണമെങ്കിൽ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) അന്തിമ മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കണം. ജൂണിൽ സെബി ഇതു സംബന്ധിച്ച കൺസൽട്ടേഷൻ പേപ്പർ പുറപ്പെടുവിച്ചിരുന്നു. ജൂലൈ 16 വരെ പൊതുജനാഭിപ്രായ സമാഹരണവുമുണ്ടായിരുന്നു. എന്നാൽ പല കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവന്ന ഗൗരവമേറിയ സംശയങ്ങൾ കാരണമാകാം അന്തിമ മാർഗ നിർദേശങ്ങൾ തയാറാക്കാൻ കഴിയാത്തത്.

യുഎസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മിഷൻ 2013 ഒക്ടോബറിൽ ക്രൗഡ് ഫണ്ടിങ് സംബന്ധിച്ച വ്യവസ്ഥകൾ പ്രഖ്യാപിച്ചിരുന്നു. കാനഡയിൽ ഈ വർഷം ആദ്യം വ്യവസ്ഥകൾ വിജ്ഞാപനം ചെയ്യുകയുണ്ടായി.

ഇന്ത്യയിൽ ക്രൗഡ് ഫണ്ടിങ് പ്രചാരണത്തിനു പ്രവർത്തിക്കുന്ന സംഘടനയുണ്ട്: നാഷനൽ ക്രൗഡ് ഫണ്ടിങ് അസോസിയേഷൻ ഓഫ് ഇന്ത്യ. അസോസിയേഷനിൽ സംരംഭകർക്കും നിക്ഷേപകർക്കും മാത്രമല്ല ആർക്കും അംഗമാകാം.

ഇന്റർനെറ്റിലെ ക്രൗഡ് ഫണ്ടിങ് സൈറ്റുകളിൽ ഏറ്റവും ശ്രദ്ധേയമായതു കിക്സ്റ്റാർട്ടർ. വിവിധ സംരംഭകർക്കായി കിക്സ്റ്റാർട്ടർ വഴി സമാഹരിക്കപ്പെട്ടത് 22 കോടി ഡോളർ (1320 കോടി രൂപ).

> ക്രൗഡ് ഫണ്ടിങ് നേടാൻ ആദ്യം വേണ്ടത് നൂതനത്വവും പ്രായോഗികതയുമുള്ള പ്രോജക്ടുകളാണ്. അതിലേക്ക് ആദ്യ ചുവടുവയ്ക്കാൻ ഇതാ ഒരു സഹായി.

# do it yourself

## വഴികാട്ടും e ബുക്ക്

**എ. ജീവൻ കുമാർ**

ഒരു കളിപ്പാട്ടം കിട്ടിയാൽ അതു തല്ലിപ്പൊളിച്ച് പീസ് പീസാക്കും കുട്ടികൾ. പല കളിപ്പാട്ടങ്ങളുടെ പല കഷണങ്ങൾ കൂട്ടിച്ചേർത്ത് പുതിയവ നിർമിക്കുകയും ചെയ്യും അവർ. ആനമയിലൊട്ടകം എന്നൊരു മൃഗമോ കാർവിമാനക്കപ്പൽ എന്നൊരു വാഹനമോ ഇങ്ങനെ കൂൾ കൂളായി പിറന്നേക്കാം.

കുട്ടിക്കാലത്ത് ഇങ്ങനെ ഈസിയായി നടത്തുന്ന എൻജിനീയറിങ് അത്ഭുതങ്ങൾ പിന്നീട് ആവർത്തിക്കാൻ കഴിയാറുണ്ടോ? ഇലക്ട്രോണിക്സ്, സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ അറിവുകളൊക്കെ കൂട്ടിച്ചേർത്ത് അതിശയപ്പിറവികൾക്ക് അരങ്ങൊരുക്കാൻ ആഗ്രഹിച്ചാലും തടസ്സങ്ങൾ പലതുണ്ട്. ഇതിനു പറ്റിയ ചിപ് എവിടെക്കിട്ടും, പ്രോഗ്രാം കിട്ടുക എളുപ്പമാണോ, എല്ലാറ്റിനും ലൈസൻസ് വേണ്ടിവരില്ലേ, ചെലവ് താങ്ങാനാവുമോ...

ഇത്തരം പ്രതിസന്ധികളോർത്ത് അറച്ചു നിൽക്കരുതെന്ന ആഹ്വാനമാണ് 'ഡൂ ഇറ്റ് യുവർസെൽഫ്' എന്ന വാക്കുകളിലൂടെ ലോകമെങ്ങും യുവസംരംഭകർക്കിടയിൽ പടർന്നത്. വമ്പന്മാരുടെ ലോകത്തെ ഞെട്ടിച്ച ഒട്ടേറെ കണ്ടുപിടിത്തങ്ങൾ പുറത്തുവിട്ട കൊച്ചി സ്റ്റാർട്അപ് വില്ലേജിൽനിന്ന് ആ വാക്കുകളുയരുമ്പോൾ അത് യാഥാർഥ്യത്തോടു കൂടുതൽ അടുത്തു നിൽക്കുന്നു. ജീവിതവിജയത്തിനു പത്തു വഴികൾ എന്ന മട്ടിലുള്ള സെമിനാറുകളിൽ വ്യക്തിത്വ വികസന ഗുരുക്കന്മാർ പറയുന്നതുപോലെയല്ല അരവിന്ദ് സഞ്ജീവ് എന്ന ചെറുപ്പക്കാരൻ ഇതു പറയുന്നത്.

വർഷങ്ങൾ നീണ്ട ഗവേഷണത്തിനൊടുവിൽ ഗൂഗിൾ പുറത്തിറക്കിയ ഗൂഗിൾ ഗ്ലാസിന്റെ കോപ്പി ഒരു മാസം കൊണ്ടു രൂപപ്പെടുത്തിയ കിടു ഗൈ. എൻജിനീയറിങ് പഠനം കഴിയുംമുൻപേ കാർ ഓട്ടമേഷനിൽ കൈവച്ച് ബ്ലാക്ബെറി കമ്പനിയെ വീഴ്ത്തിയ ഈ യുവാവ് ഇലക്ട്രോണിക്സിലും റോബോട്ടിക്സിലുമുള്ള കഴിവു തെളിയിച്ചു. പല പല ഇന്നൊവേറ്റിവ് ഉപകരണങ്ങളുടെയും സൃഷ്ടിയിൽ മുഖ്യപങ്കു വഹിച്ചു. പലതും രാജ്യാന്തര പ്ലാറ്റ്ഫോമുകളിൽ അവതരിപ്പിക്കപ്പെട്ടു. മോസ്റ്റ് പ്രോമിസിങ് ഇന്നൊവേറ്റർ എന്ന് യാഹൂ-ആക്സഞ്ചർ അരവിന്ദിനെ വിളിച്ചു.

ആശയങ്ങൾ ലോകത്തിനു പങ്കുവയ്ക്കുന്ന 'ഓപ്പൺ സോഴ്സ്' രീതിയുടെ പ്രായോജകനാണ് അരവിന്ദ്. ഡൂഇറ്റ്‌യുവർസെൽഫ് ഹാക്കിങ് എന്നൊരു പ്രസ്ഥാനത്തിനുതന്നെ രൂപം നൽകി, ചെറുപ്പക്കാരെ 'മേയ്ക്കർ'(maker)മാരാക്കിമാറ്റാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഹാക്കിങ് എന്ന വാക്കിന് കുറ്റകൃത്യമെന്ന അർഥം വന്നുപോയെങ്കിലും ഏതു കൊലകൊമ്പൻ സാധനത്തിന്റെയും രഹസ്യമറിയാനുള്ള റിവേഴ്സ് എൻജിനീയറിങ് ആണത് എന്നു ബോധ്യപ്പെടുത്താൻകൂടിയാണ് പ്രസ്ഥാനത്തിനും വെബ്സൈറ്റിനും ഡിഐവൈഹാക്കിങ് എന്നു പേരിട്ടത്. ഗൂഗിൾ ഗ്ലാസിന്റെ ക്ലോൺ ആയി സ്മാർട്ക്യാപ് ഉണ്ടാക്കാൻ 4500 രൂപയേ ചെലവായുള്ളൂ. അതിന്റെ വിദ്യ രഹസ്യമായിവച്ച് വിപണിയിലെത്തിച്ച് കാശുണ്ടാക്കുകയല്ല, DIYhacking.com വഴി അതിന്റെ എ മുതൽ സെഡ് വരെ ലോകത്തിനുമുന്നിൽ പരസ്യപ്പെടുത്തുകയാണ് അരവിന്ദ് ചെയ്തത്.

ഇപ്പോൾ, ഏതു തുടക്കക്കാർക്കും നിർമാതാക്കൾ(മേയ്ക്കർ) ആകാൻ വഴിയൊരുക്കി, ഹൗ ടു ബി എ മേയ്ക്കർ എന്ന ഇ-ബുക്ക് പുറത്തിറക്കിയിരിക്കുകയാണ് അരവിന്ദ്. http://maker.DIYhacking.com ഇതാണു ലിങ്ക്. സ്റ്റാർട്അപ് സംരംഭകരായ നിധിയ വി.രാജ് (ഇലസ്ട്രേഷൻ), മുഹമ്മദ് ഷബീർ (ഡിസൈൻ) എന്നിവർ ഇ-ബുക്ക് രൂപപ്പെടുത്താൻ അരവിന്ദിനോടൊപ്പമുണ്ടായിരുന്നു.

സുലഭമായി കിട്ടുന്ന ഓപ്പൺസോഴ്സ് ഹാർഡ്‌വെയർ പ്ലാറ്റ്ഫോമുകളായ ആർഡുയിനോ, റാസ്പ്ബെറി പൈ എന്നിവ ഉപയോഗിച്ച് അനായാസം ഗാഡ്ജറ്റ്സ് ഉണ്ടാക്കിയെടുക്കുന്ന വിധം അതീവ ലളിതമായി വിവരിച്ചിരിക്കുന്നു. 3-ഡി പ്രിന്റിങ്ങിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതെങ്ങനെയെന്നും ഇതിലുണ്ട്. വിശദമായ ട്യൂട്ടോറിയലിൽ വിഡിയോകളും ചേർത്തിരിക്കുന്നു. ദൈനംദിന ആവശ്യങ്ങൾക്കുള്ള ഓട്ടമേഷൻ മുതൽ റോബട്ട് നിർമാണം വരെ നടത്തി മേയ്ക്കർമാരാകാനുള്ള തന്ത്രങ്ങൾ... ഇ-ബുക്ക് തികച്ചും സൗജന്യമായാണു നൽകുന്നത് (conditions apply എന്നു ചെറിയ അക്ഷരത്തിൽ പറഞ്ഞിട്ടില്ല...!).

വിദ്യാർഥികൾക്കിടയിൽ ബോധവൽക്കരണം എന്ന ലക്ഷ്യത്തോടെ കേരളത്തിനുള്ളിലും പുറത്തും കോളജുകളിൽ ക്ലാസെടുക്കുന്നുമുണ്ട് കൊച്ചി സ്വദേശിയായ ഈ ഇരുപത്തിമൂന്നുകാരൻ.


സ്മാർട് ക്യാപ്പുമായി അരവിന്ദ് സഞ്ജീവ്








